**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **08-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് നടപ്പിലാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | **ഡോ. ആർ ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് എന്തെല്ലാം പദ്ധതികളാണ് സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(എ) (എ)-യും (ബി)-യും സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും ഭിന്നശേഷിക്കാരുടെ പുരോഗതിയ്ക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടെ വിവരങ്ങളും യഥാക്രമം അനുബന്ധം I, II,III,IV,V ആയി ചേർക്കുന്നു :

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'കൈവല്യ' വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക (in crores) | ചെലവഴിച്ച തുക (in crores) |
|---|---|---|
| 2017-18 | 1,00,00,000/- | 1,00,00,000/- |
| 2018-19 | 1,10,00,000/- | 1,10,00,000/- |
| 2019-20 | 2,10,00,000/- | 2,01,50,000/- |
| 2020-21 | 6,00,00,000/- | 6,00,00,000/- |
| 2021-22 | 6,00,00,000/- | 6,00,00,000/- |

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലേക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃതമാക്കുന്നതിനായി വിദ്യാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു . ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന സവിശേഷ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് വേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നു

ഇവയ്ക്കു പുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കി വരുന്നു.

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ അഞ്ച് വർഷമായി നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 14,00,00,000 | 14,00,00,000 |
| 2018-19 | 14,50,00,000 | 14,50,00,000 |
| 2019-20 | 40,00,00,000 | 38,46,54,612 |
| 2020-21 | 40,00,00,000 | 37,69,85,750 |
| 2021-22 | 22,00,00,000 | 21,93,69,050 |

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ബാരിയർ ഫ്രീ ക്യാമ്പസ് . കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പ്രതിമാസം 6000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്

സ്കോളർഷിപ്പ് നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| വർഷം | അനുവദിച്ച തുക | ഗുണഭോക്താക്കളായ കുട്ടികൾ |
|---|---|---|
| 2018-19 | 1,24,56,933/- | 1419 |
| 2019-20 | 1,73,63,989/- | 1756 |
| 2020-21 | 1,51,86,556/- | 1589 |
| 2021-22 | 1,13,83,750/- | 1351 |

| | | | |
|---|---|---|---|
| (ബി) | ഭിന്നശേഷിക്കാരുടെ പുരോഗതിക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ; | (ബി) | (എ)-യും (ബി)-യും സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & |

റീഹാബിലിറ്റേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും ഭിന്നശേഷിക്കാരുടെ പുരോഗതിയ്ക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടെ വിവരങ്ങളും യഥാക്രമം അനുബന്ധം I, II,III,IV,V ആയി ചേർക്കുന്നു :

<u>എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'കൈവല്യ' വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക (in crores) | ചെലവഴിച്ച തുക (in crores) |
|---|---|---|
| 2017-18 | 1,00,00,000/- | 1,00,00,000/- |
| 2018-19 | 1,10,00,000/- | 1,10,00,000/- |
| 2019-20 | 2,10,00,000/- | 2,01,50,000/- |
| 2020-21 | 6,00,00,000/- | 6,00,00,000/- |
| 2021-22 | 6,00,00,000/- | 6,00,00,000/- |

<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലേക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃതമാക്കുന്നതിനായി വിദ്യാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു . ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന സവിശേഷ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് വേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നു

ഇവയ്ക്കു പുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കി വരുന്നു.

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ അഞ്ച് വർഷമായി നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| 2017-18 | 14,00,00,000 | 14,00,00,000 |
| 2018-19 | 14,50,00,000 | 14,50,00,000 |
| 2019-20 | 40,00,00,000 | 38,46,54,612 |
| 2020-21 | 40,00,00,000 | 37,69,85,750 |
| 2021-22 | 22,00,00,000 | 21,93,69,050 |

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ബാരിയർ ഫ്രീ ക്യാമ്പസ് . കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പ്രതിമാസം 6000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്

സ്കോളർഷിപ്പ് നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| വർഷം | അനുവദിച്ച തുക | ഗുണഭോക്താക്കളായ കുട്ടികൾ |
|---|---|---|
| 2018-19 | 1,24,56,933/- | 1419 |
| 2019-20 | 1,73,63,989/- | 1756 |
| 2020-21 | 1,51,86,556/- | 1589 |
| 2021-22 | 1,13,83,750/- | 1351 |

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

(സി) സി) **സാമൂഹ്യനീതി വകുപ്പ്**

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു വേണ്ടി സംസ്ഥാനത്തിന്റെ മൂന്നു മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള പുനരധിവാസ വില്ലേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ജീവിത കാലഘട്ടത്തിൽ ആവശ്യമായി വരുന്ന മുഴുവൻ സംവിധാനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തി പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ഭിന്നശേഷിക്കാരുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി രൂപ കൽപന ചെയ്ത സോഫ്റ്റ് വെയറിലേക്ക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരള സാമൂഹ്യസുരക്ഷാ മിഷൻ**

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന 'മോഡൽ ഇൻക്ലൂസിവ് സ്കൂൾ' എന്ന പദ്ധതി 2022-23 വർഷം ആരംഭിച്ചിട്ടുണ്ട് . പൊതു വിദ്യാലയങ്ങളിലെ സമപ്രായക്കാരായ കുട്ടികളോടൊപ്പം ഭിന്നശേഷിക്കരായ വിദ്യാർതിത്ഥികൾക്കും മുഖ്യധാരാ വിദ്യാഭ്യാസം

| | | | |
|---|---|---|---|
| | | | പൂർണതോതിൽ ലഭ്യമാക്കുന്നതിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത് . |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി വിവരണം | ആനുകൂല്യം /സേവനങ്ങൾ |
|---|---|---|---|
| 1. | വിദ്യാകിരണം | 40%മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Poly Technic, വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ് | 1-5 വരെ – 300/ month<br>6-10 വരെ- 500/- month<br>+1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ- 750/- month<br>ഡിഗ്രി, പി.ജി, പ്രൊഫഷണൽ, പൊളിടെക്നിക്ക് തത്തുല്യ കോഴ്സുകൾ -1000/-രൂപ |
| 2. | വിദ്യാജ്യോതി | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം | യൂണിഫോം, പഠനോപകരണങ്ങൾ, എന്നിവയ്ക്കുള്ള ധനസഹായം. |
| 3. | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. | സ്കോളർഷിപ്പ് |
| 4. | വിദൂര വിദ്യാഭ്യാസ ധനസഹായം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം | പരമാവധി 10,000/- രൂപ |

| | | | |
|---|---|---|---|
| | | മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം നൽകുന്ന പദ്ധതി | |
| 5. | വിജയാമൃതം | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി | ബിരുദം / തത്തുല്യ കോഴ്സ് 8000/- രൂപ ബിരുദാനന്തര ബിരുദം & പ്രൊഫഷണൽ കോഴ്സുകൾ 10,000/- രൂപ |
| 6. | പരിണയം I | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി | 30,000/- രൂപ |
| 7. | പരിണയം II | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി | 30,000/- രൂപ |
| 8. | നിരാമയ | നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പരിധിയിൽ ഉൾപ്പെടുന്ന (ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്) ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നല്കുന്നതിനുള്ള പദ്ധതി | ഒരു ലക്ഷം രൂപ വരെ ആരോഗ്യ ചികിത്സ സഹായം |
| 9. | കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി | സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചാ പരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി | എക്സ്ഗ്രേഷ്യാ അലവൻസ് വായനാ സഹായി അലവൻസ് |

| | | | |
|---|---|---|---|
| | | അലവൻസും അനുവദിക്കുന്ന പദ്ധതി | |
| 10. | സഹായ ഉപകരണ വിതരണ പദ്ധതി | ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസ രഹിതമാക്കാനും ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസവും ഉറപ്പ് വരുത്തുന്ന പദ്ധതി. | Joy Stick, Operated Wheel Chair, Smart Phone with Screen Reader, Daisy Player, Cerebral Palsy Wheel Chair, Talking Calculator എന്നിവ |
| 11. | വികാലംഗ ദുരിതാശ്വാസ നിധി | ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി. ചികിത്സയിലാണെന്ന് ബന്ധപെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. | പരമാവധി 5000/- രൂപ നൽകുന്നതാണ്. |
| 12. | മാതൃജ്യോതി പദ്ധതി | ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി. ഒരാൾക്ക് പരമാവധി 2 തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ | മാസം 2000/- രൂപ ക്രമത്തിൽ 24 മാസം വരെ ധനസഹായം ലഭ്യമാകും. |
| 13. | സ്വാശ്രയ പദ്ധതി | ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്ര ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടി വരുന്നതുമായ മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ | 35,000/- രൂപ |

| | | | |
|---|---|---|---|
| | | ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. | |
| 14. | നിയമപരമായ രക്ഷാകർതൃത്വം | നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു. ഒരു കുട്ടിക്ക് 18 വയസ്സാകുന്നതു വരെ എല്ലാ രക്ഷിതാക്കളും അവരുടെ കുട്ടികളുടെ നിയമപരമായ രക്ഷിതാക്കളായിരിക്കും. നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രാപ്തരാവണമെന്നില്ല. ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകേണ്ടിയിരിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനായ നാഷണൽട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിക്കാണ് ഇത് നൽകുന്നതിനുള്ള അധികാരം | നിയമപരമായി രക്ഷാകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു |
| | പരിരക്ഷാ പദ്ധതി | അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്ന വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും | അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം എന്നിവയ്ക്ക്. |

| | | |
|---|---|---|
| | ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി | |
| ശ്രേഷ്ഠം പദ്ധതി | കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി. കലാ-കായിക മേഖലകളിൽ സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരോ, സംസ്ഥാന/ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരോ ആയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്. | 10,000/- രൂപ |
| ഇംപ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കൽ, ഇവർക്ക് അടിയന്തര സഹായം ഉൾപ്പെടെ നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി | അനാഥർക്കും അശരണർക്കും ആഹാരം, വസ്ത്രം, വൈദ്യ സഹായം എന്നിവ നൽകുന്നു |
| സഹചാരി | ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ NSS / NCC / SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | NSS/NCC/SPC യൂണിറ്റിന് 10,000/- രൂപ |

| | | |
|---|---|---|
| സ്നേഹയാനം | നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർധനരരും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നല്കുന്ന പദ്ധതി | സൗജന്യ ഇലക്ട്രിക് ഓട്ടോ |
| NISH ONLINE INTERACTIVE DISABILITY AWERNESS SEMINAR (NIDAS) | ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തിപൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്ന പദ്ധതി. നിഷ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്) മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും യോഗം ചേരുകയും, വിവിധ സെക്ഷനുകളിലായി ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു | ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്നു. |
| പരിമിത രക്ഷകർതൃത്വം (Limited Guardianship) | മതിയായതും, ഉചിതമായതുമായ പിന്തുണ കൊടുത്തിട്ടും, ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയെ സംബന്ധിച്ചോ ആ വ്യക്തിയുടെ വസ്തുവകകളെ സംബന്ധിച്ചോ നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് ശാരീരിക-മാനസിക പരിമിതികളുള്ളവർക്ക് വേണ്ടി ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഭിന്നശേഷിക്കാരന്റെ സമ്മത പ്രകാരം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന സംവിധാനമാണ് പരിമിത രക്ഷാകർതൃത്വം. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO) മാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് | |

| | | |
|---|---|---|
| സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ | കേരള സൈക്കോ-സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകി വരുന്നു. | 60 % തുക ഗ്രാന്റായി അനുവദിക്കുന്ന |
| അതിജീവനം | ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക മുന്നേറ്റത്തിനുമായുള്ള സമഗ്ര പദ്ധതി. സമൂഹത്തിൽ നിരാലംബരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി തൊഴിൽ പരിശീലനം നല്കി പുനരധിവസിപ്പിക്കുന്നതിനായി 2 സർക്കാർ തൊഴിൽ പരിശീന കേന്ദ്രങ്ങളുണ്ട്. എന്നാൽ ആവശ്യക്കാരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ മതിയായ സർക്കാർ സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കുന്നു. | |
| മൊബിലിറ്റി മിഷൻ കേരള പദ്ധതി | സെറിബ്രൽ പാൾസി ഉൾപ്പടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്ടീവ് സർജറി ഉൾപ്പടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നല്കി തീവ്രഭിന്നശേഷിത്വത്തിലേക്ക് നയിക്കുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ | വൈദ്യശാസ്ത്ര പരിചരണവും (കറക്ടീവ് സർജറി ഉൾപ്പടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്നു. |

| | | |
|---|---|---|
| | പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നല്കുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്തസംരംഭമായ മൊബിലിറ്റി മിഷൻ കേരള പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നു. | |
| CDMRP (Community Disability Management and Rehabilitation Programme) | ബുദ്ധിവികാസ പരിമിതിയുള്ളവർക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് ഭിന്നശേഷിപ്രതിരോധം, ചികിത്സാ-പുനരധിവാസ-പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് സാമൂഹ്യനീതിവകുപ്പ് 2015-16 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CDMRP | മൂന്നു ജില്ലകളിലുമായി 10 കമ്യൂണിറ്റി ക്ലിനിക്കുകളും, കാലിക്കറ്റ് യൂണിവേഴ്സിറ്റി മന:ശാസ്ത്ര വിഭാഗത്തിനു കീഴിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ അഡ്വാൻസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു. 18 വയസ്സ് കഴിഞ്ഞ ഭിന്നശേഷിക്കാർക്കായി ഒരു Pre-Vocational Training Centre, Community Based Early Intervention Centre എന്നിവയും നടന്നു വരുന്നു. |
| സംസ്ഥാന ഭിന്നശേഷി ദിനാചരണവും അവാർഡ് വിതരണവും | അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ആചരിച്ചു വരുന്നു. ജില്ലാതലത്തിൽ ഭിന്നശേഷിക്കാർക്കായി കലാ-കായിക മേളകളും, വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ല കേന്ദ്രീകരിച്ച് സംസ്ഥാനതല ആഘോഷങ്ങളും സംഘടിപ്പിക്കുകയും അതോടൊപ്പം ഭിന്നശേഷിക്കാർക്കുള്ള | ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച വ്യക്തികൾ, സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങൾ, ജില്ല ഭരണകൂടം, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ 20 വിഭാഗങ്ങളിലായി സംസ്ഥാന |

| | | |
|---|---|---|
| | സംസ്ഥാന അവാർഡ് വിതരണവും നടത്തുന്നു | അവാർഡുകൾ നൽകുന്നു. വിജയികൾക്ക് ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ് & മൊമെന്റോ നൽകുന്നു. |
| ബാരിയർ ഫ്രീ കേരള പദ്ധതി | സംസ്ഥാനത്തെ എല്ലാ പൊതു ഇടങ്ങൾ, കെട്ടിടങ്ങൾ- വാർത്താ വിനിമയ- ഗതാഗത സൗകര്യങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി. ബാരിയർ ഫ്രീ പ്രവർത്തനങ്ങളുടെ മോണിട്ടറിങ്ങും, ഇവാല്യവേഷനും നടത്തുന്നതിനായും ആക്സസബിലിട്ടി നോംസ് സംബന്ധിച്ച ട്രെയിനിംഗ് നല്കുന്നതിനുമായ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരവുമായി ബന്ധപ്പെട്ടു ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ രൂപീകരിച്ചു 2020-21 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് | |
| പ്രത്യാശ പദ്ധതി | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും ഓർഫനേജ് കണ്ട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചു വരുന്നതുമായ സൊക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടും സ്വന്ത വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത | |

| | | |
|---|---|---|
| | അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി | |
| പുനർജ്ജനി | പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യം, പട്ടിക വർഗ്ഗ വികസനം, റവന്യൂ, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോട് കൂടി 50 പേരെ താമസിപ്പിക്കാവുന്ന കെയർ ഹോം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നു | അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസം |
| ഭിന്നശേഷിക്കാരുടെ നിയമനം | ഭിന്നശേഷി അവകാശ നിയമം 2016-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നാല് ശതമാനം ഭിന്നശേഷി സംവരണം ഏർപ്പെടുത്തുന്നതിനായി കോമൺ കാറ്റഗറി വിഭാഗത്തിൽ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവായിട്ടുണ്ട്. 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താല്ക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സേവനം അനുഷ്ഠിച്ചിട്ടുള്ള 2186 ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം നല്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായ 654 തസ്തികകളുടെ പോസ്റ്റ് ഐഡന്റിഫിക്കേഷൻ | 4% ഭിന്നശേഷി സംവരണം |

| | |
|---|---|
| | പൂർത്തിയാക്കുകയും ടി തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് |
| RPwD രജിസ്ട്രേഷൻ | ഭിന്നശേഷി അവകാശ നിയമം 2016 സെക്ഷൻ 50 പ്രകാരം ഏതൊരു വ്യക്തിയും നിയുക്ത അധികാരി നല്കിയിട്ടുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൂടാതെ ഭിന്നശേഷിക്കാരായ വ്യക്തികൾക്കുവേണ്ടിയുള്ള ഒരു സ്ഥാപനം ആരംഭിക്കുകയോ നടത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. സംസ്ഥാന ഭിന്നശേഷി അവകാശ ചട്ടം അധ്യായം 2020 IV സെക്ഷൻ 12 (1) പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനുള്ള Competent Authority ആയി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടറേയും അപ്പലേറ്റ് അതോറിറ്റിയായി സാമൂഹ്യനീതി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ നൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, തെറാപ്പി സെന്ററുകൾ, സൈക്കോ-സോഷ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകം നടപടിക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗം സ്ഥാപനങ്ങൾക്കും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകമായി അംഗീകരിച്ചിട്ടുള്ള ഗൈഡ് ലൈൻസ് പ്രകാരവും ഇതുവരെ ഗൈഡ് |

| | |
|---|---|
| | ലൈൻസ് പുറപ്പെടുവിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ G.O (MS) No.28/2013/സാ.നീ.വതീയതി 25/03/2013 പ്രകാരമുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും രജിസ്റ്റർ ചെയ്യുന്നതാണ്. |
| <u>പുണ്യഭവൻ</u> | ബൗദ്ധിക വെല്ലുവിളി നേരിടുന്ന 6-നും 18-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനമാണ് കോഴിക്കോട് പ്രവർത്തിക്കുന്ന പുണ്യഭവൻ.ജില്ലയിൽ പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ മുഖേനയാണ് കുട്ടികൾക്ക് പ്രവേശനം നൽകുന്നത്. സ്ഥാപനത്തെ മാതൃകാ സ്ഥാപനമായി ഉയർത്തിയിട്ടുണ്ട്. |
| <u>പ്രതീക്ഷ ഭവൻ</u> | ബൗദ്ധിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷൻമാരുടെ പുനരധിവാസത്തിനുള്ള ഏക സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ. മെഡിക്കൽ ഓഫീസറുടെ ശുപാർശ ചെയ്യുള്ള കത്ത് സഹിതം അപേക്ഷ സമർപ്പിക്കുന്നതിലൂടെ പ്രവേശനം ലഭ്യമാക്കാം. സ്ഥാപനത്തെ മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ Hindustan Latex Family Planning Promotion Trust (HLFPPT) മുഖേന സ്വീകരിച്ച് വരുന്നു. |
| <u>പ്രത്യാശാ ഭവൻ</u> | ബൗദ്ധിക വെല്ലുവിളി നേരിടുന്ന പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ് തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന |

| | |
|---|---|
| | പ്രത്യാശാ ഭവൻ എന്ന സ്ഥാപനം സ്ഥാപന സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കുന്നതിലൂടെ സ്ഥാപനത്തിലേയ്ക്ക് പ്രവേശനം നേടാവുന്നതാണ്. മെഡിക്കൽ ഓഫീസറുടെ ശുപാർശ ചെയ്തിട്ടുള്ള കത്തും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| ഭിന്നശേഷിസദനം | ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കുംവേണ്ടി ഭിന്നശേഷിസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. വനിതാ ഭിന്നശേഷി സദനങ്ങൾ തിരുവനന്തപുരത്തും എറണാകുളത്തും പുരുഷന്മാർക്കുള്ള ഭിന്നശേഷി സദനം കോഴിക്കോടും പ്രവർത്തിച്ചു വരുന്നു. പ്രവേശനത്തിന് സ്ഥാപനത്തിന്റെ സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്തിട്ടുള്ള കത്തും അപേക്ഷയോടൊപ്പം സമർപ്പിക്കണം. |
| കുട്ടികൾക്കുള്ള ഭിന്നശേഷി സദനം | നാലിനും പതിനാറിനും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനമാണ്. മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്ത്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവയാണ് പ്രവേശനത്തിനാവശ്യമായ രേഖകൾ. ആലപ്പുഴയിലും കണ്ണൂരിലും കുട്ടികൾക്കുള്ള ഭിന്നശേഷി സദനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ കുട്ടികൾക്കുള്ള |

| | |
|---|---|
| | ഭിന്നശേഷി സദനം സൂപ്രണ്ടിന് വെള്ള പേപ്പറിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കണം. മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വരുന്നവർ ആ സ്ഥാപന മേധാവിയുടെ ശുപാർശ കത്തും ലഭ്യമാക്കണം |
| സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | സ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോട്ടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങൾ മുഖേന ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ലെതർ വർക്ക്സ്, ഗാർമെന്റ് മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകി വരുന്നു. ഇതോടൊപ്പം കെൽട്രോൺ നടത്തുന്ന DCA-DTP കോഴ്സുകളിലും പരിശീലനം നൽകുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. |
| പ്രിയ ഹോം, കൊല്ലം | മാനസിക വെല്ലുവിളിയുള്ള വനിതകൾക്കായി ഒരു പുനരധിവാസ കേന്ദ്രം Government of Kerala – Priya Home for Ladies എന്ന പേരിൽ കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ കായില എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു. |
| എന്റോസൾഫാൻ | എന്റോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ |

| | | |
|---|---|---|
| | <u>പുനരധിവാസഗ്രാമ നിർമ്മാണം</u> | പുരോഗതി ലക്ഷ്യമാക്കി കാസറഗോഡ് ജില്ലയിലെ മൂളിയാർ ി ബ്ലേജിൽ പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 14/2/2020 ലെ സ്.ഉ (സാധാ) നം 78/2020/സാനീവ പ്രകാരം ഭരണാനുമതി ലഭ്യമായിരുന്ന ക്ലിനിക്കൽ സൈക്കോളജി ബ്ലോക്ക്, കൺസൾട്ടിംഗ് & ഹൈഡ്രോ തെറാപ്പി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തില നടക്കുന്നത്. നിലവിൽ ഒന്നാംഘട്ടനിർമ്മാണ പ്രവർത്തനങ്ങളുടെ 28.5 % പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കാസറഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസറാണ്. |
| 42 | NGO പങ്കാളിത്തത്തോടുകൂടി പുതിയ പ്രതീക്ഷാ ഭവനുകൾ ആരംഭിക്കുന്ന പദ്ധതി | മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവരുടെ സംരക്ഷണത്തിനായി NGO പങ്കാളിത്തത്തോടുകൂടി പുതിയ പ്രതീക്ഷാ ഭവനുകൾ ആരംഭിക്കുന്നതിന് 13/10/2022 ലെ സ.ഉ (സാധാ) നം.231/2022/സാനീവ പ്രകാരം ഭരണാമിമതി ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത NGO സ്ഥാപനങ്ങളിൽ നിന്നും വിശദമായ പ്രൊപ്പോസൽ ക്ഷണിക്കുകയും കോഴിക്കോട് ജില്ലയിലെ ഹെൽത്ത് കെയർ ഫൗണ്ടേഷനെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി ധാരണാപത്രം ഒപ്പ വച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

| വർഷം | ശീർഷകം | ബജറ്റിൽ വകയിരുത്തിയ തുക (in lakhs) | ചെലവഴിച്ച തുക (in lakhs) |
|---|---|---|---|
| 2017-18 | 2235-60-200-83 (P) | 1300 | 750 |
| | 2235-60-200-68 (P) | 500 | 500 |
| | 2235-02-101-73 (P) | 215 | 26 |
| | 2235-02-101-66 (P) | 100 | 100 |
| | 2235-02-101-64 (P) | 1500 | 1500 |
| | 2235-60-200-67 (P) | 250 | 46.8 |
| | 2235-02-101-74 (P) | 20 | - |
| | 2235-02-101-90 (NP) | 4.8 | 3.98 |
| | 2235-02-101-63 (NP) | 50 | 50 |
| 2018-19 | 2235-60-200-83 (P) | 1400 | 1250 |
| | 2235-02-101-73 (P) | 100 | 53.073 |
| | 2235-60-200-66 (P) | 100 | 6.939 |
| | 2235-02-101-66 (P) | 150 | 132.66 |
| | 4235-02-101-99 (NP) | 1800 | - |
| | 2235-02-101-60 (NP) | 70 | 24.657 |
| | 4235-02-101-98 (P) | 429.98 | - |
| | 2235-02-101-90 (NP) | 4.8 | 3.733 |
| | 2235-02-101-63 (NP) | 5 | 5 |
| 2019-20 | 2235-60-200-83 (P) | 1300 | 860.153 |
| | 2235-60-200-68 (P) | 480 | 62.412 |
| | 2235-02-101-73 (P) | 500 | 13.465 |
| | 2235-02-101-66 (P) | 150 | 97.662 |
| | 4235-02-101-99 (NP) | 1280 | 1106.645 |
| | 4235-02-101-98 (NP) | 429.97 | 429.97 |
| | 2235-02-101-90 (NP) | 4.8 | 4.71 |
| | 2235-02-101-63 (NP) | 55 | 49.5 |
| 2020-21 | 2235-60-200-83 (P) | 1300 | 1157.63 |
| | 2235-60-200-68 (P) | 700 | 694.55 |
| | 2235-02-101-73 (P) | 500 | 175.66 |
| | 2235-02-101-66 (P) | 200 | 199.31 |
| | 4235-02-101-99 (NP) | 90 | 47.46 |
| | 2235-02-101-56 (NP) | 30 | 14.99 |
| | 2235-02-101-90 (NP) | 4 | 3.27 |
| | 2235-02-101-63 (NP) | 50 | 49.5 |
| 2021-22 | 2235-60-200-83 (P) | 1300 | 975.32 |
| | 2235-60-200-68 (P) | 700 | 698.9 |
| | 2235-02-101-73 (P) | 500 | 77.56 |
| | 2235-02-101-66 (P) | 220 | 217.10 |
| | 4235-02-101-99 (NP) | 900 | 295.55 |
| | 4235-02-101-98 (NP) | 3429.78 | - |
| | 2235-02-101-90 (NP) | 4 | 2.62 |

| | | | |
|---|---|---|---|
| | 2235-02-101-63 (NP) | 50 | 49.5 |
| | 2235-02-101-56 (NP) | 30 | 11.99 |

2235-60-200-83 (P) – പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ

2235-60-200-68 (P) – മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് വേണ്ടിയുള്ള സാമൂഹ്യ മനശാസ്ത്ര സേവനം

2235-02-101-73 (P) - മാനസിക വെല്ലുവിളികൾ നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും പുനരധിവാസത്തിനുള്ള മാതൃക പരിപാടി

2235-02-101-66 (P) – ഓട്ടിസം , സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി – നിരാമയ

2235-02-101-64 (P) – ബാരിയർ ഫ്രീ

2235-60-200-67 (P) – അവശത അനുഭവിക്കുന്ന വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പദ്ധതി

2235-02-101-74 (P) – വയനാട്ടിലെ വിഭിന്നശേഷിയുള്ളവർക്കായുള്ള തൊഴിലധിഷ്ഠിത പുനരധിവാസ സ്ഥാപനം

2235-02-101-90 (NP) – അന്ധരായ അഭിഭാഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും സ്തുത്യർഹരായ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കും തൊഴിലുടമകൾക്കും സംസ്ഥാന അവാർഡുകൾ

2235-02-101-63 (NP) – മൊബിലിറ്റി മിഷൻ കേരള

2235-60-200-66 (P) – അവശ വ്യക്തികൾക്കു വേണ്ടിയുള്ള സാങ്കേതിക വിദ്യാഭ്യാസ പദ്ധതി

4235-02-101-99 (NP) - ബാരിയർ ഫ്രീ കേരള

4235-02-101-98 (NP) - ആക്സസിബിൾ ഇന്ത്യ കാമ്പയിൻ

2235-02-101-60 (NP)– ആവശ്യഘട്ടങ്ങളിൽ വികലാംഗർക്കുള്ള ധനസഹായം

Jasmin Thomas

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

അനുബന്ധം - II

### 1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ

ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

### 2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 'ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ' സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിൽ കെട്ടിടനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. കെട്ടിടനിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

അംഗപരിമിതരായവർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ. എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് എന്ന നിലയിലാണ് ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

### 4. കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി 'കാതോരം' എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97% നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകൗസ്റ്റിക് എമിഷൻ സ്കാനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു.

കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. പ്രതിവർഷം 1000 - 1500 കുട്ടികൾ ബെറയിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു.

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യം ശ്രുതിതരംഗം പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി നിപ്മർ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## 5. ഹെൽപ്പ് ഡെസ്ക്

അംഗപരിമിതർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

## 6. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിന്റെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്.

## 7. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

## 8. അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐ.ഡി. ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് - യു.ഡി.ഐ.ഡി) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്-ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ് വെയർ മുഖാന്തിരം ലഭ്യമാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ തിരിച്ചറിയൽ കാർഡും നൽകി വരുന്നു. ഇതിനോടകം 2,33,931 ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

## 9. ഹോർട്ടികൾച്ചർ തെറാപ്പി

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലന പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുകയും അവരിൽ സ്വയമായി തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## 10. സ്പെക്ട്രം പദ്ധതി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

a. <u>ഓട്ടിസം സെന്ററുകൾ</u>

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ. മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്,

വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

b. <u>റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ</u>

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. 2021-22 വർഷത്തിൽ ഈ കേന്ദ്രത്തിന്റെ ഭാഗമായ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

c. <u>രക്ഷിതാക്കൾക്കുള്ള പരിശീലനം</u>

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീട്ടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം 2019-2020 ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന 'സഹയോഗി' എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടുണ്ട്.

### 11. ശ്രുതി തരംഗം പദ്ധതി

കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാൻറ് സർജറി 'ശ്രുതി തരംഗം' എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാന്റ് സർജറിയ്ക്ക് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നത്. ഇതുവരെ 1196 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തിയിട്ടുണ്ട്.

### 12. മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഇതിനാവശ്യമായ കെട്ടിടനിർമ്മാണം നടന്നു വരുന്നു. കോസ്റ്റ്ഫോർഡിനാണ് കെട്ടിടനിർമ്മാണ ചുമതല.

### 13. വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇനിസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആറ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴി സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്.

### 14. എം പവർ ഇൻകൂബേറ്റർ

അനുയാത്രയുടെ ഭാഗമായി മാജിക്കിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാജിക് അവതിരിപ്പിക്കുന്നതിനും വേതനം ലഭ്യമാക്കുന്നതിനും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ ഒരുക്കിയിട്ടുള്ള സ്ഥിരം വേദിയാണ് എം പവർ ഇൻകുബേറ്റർ. ഇതിന്റെ പ്രവർത്തനം തുടർന്നുവരുന്നു.

### 15. പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെന്റർ

കുറഞ്ഞ നിരക്കിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലൂടെ ഗുണനിലവാരമുള്ള കൃത്രിമ കൈ, കാൽ എന്നിവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കി വരുന്നു.

### 16. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി

ആങ്കലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളെ നോഡൽ സെന്ററായി അനുവദിച്ച് രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായും സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീ ചിത്ര തിരുന്നാൾ ആശുപത്രിയും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി അർഹരായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്.

### 17. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ നിപ്മറിലൂടെ വിവിധതരം ഭിന്നശേഷികൾ കണ്ടെത്തുന്നതിനും, ആവശ്യമായ തെറാപ്പികളും, പരിശീലനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആത്യന്താധുനിക സജ്ജികരണങ്ങളോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലൂടെ സെറിബ്രൽ പാൾസി ബാധിതരായവർക്ക് ആധുനിക സംവിധാനങ്ങളിലൂടെ ആവശ്യമായ ചികിത്സയും അനുബന്ധ സേവനങ്ങളും നൽകുന്നതിനായി ഒരു സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെറിബ്രൽ പാൾസി ബാധിതരായവർക്ക് സ്പെഷ്യൽ ട്രാൻസിഷൻ സ്കൂളുകൾ, ഫിസിയോതെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, ഡെവലപ്പ്മെന്റ് തെറാപ്പി, ആഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി, സൈക്കോ തെറാപ്പി, ന്യൂട്രീഷൻ ആന്റ് ഡയറ്റിക്സ് മറ്റ് സാങ്കേതിക സാങ്കേതികേതര സഹായങ്ങൾ എന്നിവ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നത്.

### 18. ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ

നാഡീവ്യൂഹ വ്യവസ്ഥയിൽ ഉണ്ടാകുന്ന ഗുരുതരമായ തകരാറുകൾ കാരണം ഭിന്നശേഷിക്കാരായവർക്ക് വിവിധ ചികിത്സകൾ ലഭ്യമാക്കുന്നതിനും അവരുടെ ചലനശേഷി

വിലയിരുത്തുന്നതിനും പരിശീലനങ്ങൾ നൽകുന്നതിനുമായി നിപ്മറിൽ ഒരു "ഗേറ്റ് ആൻറ് മോഷൻ അനാലിസിസ്" ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോപ്ലിക്കേഷൻ അസ്സസ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യന്റ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 19. റീഹാബ് എക്സ്പ്രസ്

സംസ്ഥാനത്താകമാനം ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭിന്നശേഷി മേഖലയിൽ ആവശ്യമായ ഇടപെടലുകൾക്കും, പദ്ധതി രൂപീകരിക്കുന്നതിനും, വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള അസ്സസ്മെന്റ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള ഈ പദ്ധതി 2021-22 ൽ നിപ്മെറിൽ ആരംഭിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും ഒരു വോൾവോ ലോ ഫ്ളോർ ബസ്സ് വാടകയ്ക്ക് എടുത്ത് അതിൽ ആവശ്യമായ മാറ്റം വരുത്തി ആവശ്യമായ തെറാപ്പി ഉപകരണങ്ങളും വിദഗ്ദരുടെ സേവനങ്ങളും ലഭ്യമാക്കി കേരളത്തിൽ എവിടെയും "ഹാബ് എക്സ്പ്രസ്സ്" സേവനം ലഭ്യമാക്കുന്നു.

ഭിന്നശേഷിക്കാരുടെ പുരോഗതിക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചിലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2018-19 | 3200 | 893 |
| 2019-20 | 3055 | 793.39 |
| 2020-21 | 2100 | 1542.90 |
| 2021-22 | 2166 | 1616.68 |
| 2022-23 | 2150 | 528.01 |

Jasmin Thomas

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

## നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. **ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

2. **ട്രൈസ്കൂട്ടർ വിതരണം -** നിർദ്ദിഷ്ഠ അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

3. <u>മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി</u>

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000 - രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000 - രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷന് സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൻറെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിൻറെ കോപ്പി, വാഹനത്തിൻറെ നമ്പർ കാണത്തക്കവിധം അപേക്ഷകന് ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4. <u>സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)</u>

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോണ് തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോണ് തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ കോപ്പി, റേഷൻ കാർഡിൻറെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. **സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.**

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം..

6. **ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം**

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. **സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാന് കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.**

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.
-

8. <u>എൻ.എച്ച്.എഫ്.ഡി.സി വായ്പ.</u>

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷൻറെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷൻറെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷന് വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷന് നൽകുന്നു.

| തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,000- 5,00,000/- രൂപ വരെ | 6% |
| 5,00,000- 15,00,000/- രൂപ വരെ | 7% |
| 15,00,000 - 25,00,000/- രൂപ വരെ | 8% |

(50000 രൂപവരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൌദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

9. <u>ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി., പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്</u>

*40 ശതമാനമോ* അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവരുമായ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

10. <u>ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി</u>

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.
2: പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ

3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

11. സ്റ്റേറ്റ് റിസോഴ്സ് സെന്റർ.

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നിലവിൽ ഹെഡ് ആഫീസ്, 2 റീജ്യണൽ ആഫീസ് എന്നിവയാണ് ഉള്ളത്. കേരളത്തിലെ പല ഭാഗങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി ഈ ആഫീസുകളിൽ എത്തിച്ചേരാൻ ഏറെ പ്രയാസമാണ്. അതിലുപരി 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ/പദ്ധതികൾ ഏകീകരിച്ച് മുന്നോട്ട് പോകുവാൻ കോർപ്പറേഷൻറെ നിലവിലെ സംവിധാനവും അപര്യാപ്തവുമാണ്. ഭിന്നശേഷിക്കാരിലേയ്ക്ക് കോർപ്പറേഷൻറെ സേവനങ്ങൾ എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ഫീൽഡ് തല ഇടപെടൽ അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ 2022-23 plan write up ഉൾപ്പെടുത്തിയിട്ടുള്ള State Resouce Centre എന്ന component സംബന്ധിച്ച പദ്ധതി, മാർഗ്ഗ രേഖ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കി 2022 - 2023 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

1. 12. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷന്മാരുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ഭിന്നശേഷിക്കാരുടെ പുരോഗതിക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബഡ്ജറ്റിൽ 6140.69 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 3641.14 ലക്ഷം രൂപ ലഭ്യമാവുകയും ഇതിൽ നിന്നും 2448.69 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

Jasmin Thomas

അനുബന്ധം IV

# നിഷ്(NISH) മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

## 1. ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വിജ് പതോളജി വിഭാഗം

കുട്ടികളുടെയും മുതിർന്നവരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണസഹായി ഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയ്യുന്നു. നവജാതശിശുക്കളിലെ കേൾവിക്കുറവ് കണ്ടെത്തുന്നതിനുള്ള സംവിധാനവും നിഷ് നടപ്പാക്കുന്നുണ്ട്

## 2. ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം

കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.

## 3. ഏർലി ഇന്റർവെൻഷൻ പ്രോഗ്രാം

ശ്രവണപരിമിതിയുള്ള കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പരിശീലനം നല്കിക്കൊണ്ട് കുട്ടികളിൽ പ്രായാനുസൃതമായ ആശയവിനിമയശേഷി വളർത്തിയെടുത്ത് അവരെ മുഖ്യധാരാ വിദ്യാഭ്യാസത്തിനു പ്രാപ്തരാക്കുകയാണ് ഏർലി ഇന്റർവെൻഷൻ പ്രോഗ്രാമിന്റെ ലക്ഷ്യം. 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് പ്രവേശനം.വ ർഷം മുഴുവൻ പ്രവേശനം ലഭ്യമാണ്. 3 വയസ്സിന് ശേഷമുള്ള കേൾവിക്കുറവുള്ള കുട്ടികൾക്കായുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം 6 വയസ്സ് മുതൽ 10 വയസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി വാരാന്ത്യത്തിലും, മധ്യവേനൽ അവധിക്കാലത്തും തുടർ പരിശിലനം എന്നിവയും ഏർലി ഇൻറ്റർവെൻഷൻ ഡിപ്പാർട്ട്മെന്റ് നടത്തിവരുന്നു. ഓഡിറ്ററി ഓറൽ,ഓഡിറ്ററി വെർബൽ,ഡ്യുവൽ എന്നിവയിൽ നിന്നും കുട്ടിക്ക് അനുയോജ്യമായ മാധ്യമത്തിലൂടെ ആണ് പരിശീലനം നൽകുന്നത്.

## 4. ഒക്യൂപേഷണൽ തെറാപ്പി

ഭിന്നശേഷിക്കാരുടെ പുനരധിവാസ പർവർത്തനങ്ങൾ ലക്ഷ്യമിട്ട് വളരെ വിപുലമായ രീതിയിൽ ഒക്യുപേഷണൽ തെറാപ്പി വിഭാഗം നിഷിൽ പ്രവർത്തിക്കുന്നു. ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ , പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ശരിയായ പ്രതികരണശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു. ശാരീരികമായും,മാനസികമായും വൈകാരികമായും പ്രയാസം അനുഭവിക്കുന്ന മുതിർന്ന വ്യക്തികളെയും ഉചിതമായ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്കെത്തിക്കുന്നു

## 5. ഫിസിയോ തെറാപ്പി

ജന്മനാ തലച്ചോറിനുണ്ടാകുന്ന തകരാറുകൾ , ജനിതക വ്യതിയാനം എന്നിവ മൂലം കുട്ടികളുടെ വളർച്ച ഘട്ടങ്ങളിലുണ്ടാകുന്ന കാല താമസം, തലച്ചോറിനേറ്റ ക്ഷതം ഏതെങ്കിലും രോഗത്തിന്റെ ഫലമായി ശാരീരിക ശേഷിക്കോ ചലനത്തിനോ സംഭവിക്കുന്ന തകരാറുകൾ, പക്ഷാഘാതം തുടങ്ങിയ പ്രശ്നങ്ങൾ ഫിസിയോതെറാപ്പി വിഭാഗം കൈകാര്യം ചെയ്യുന്നു. . രോഗിയുടെ സൗകര്യവും തെറാപ്പിസ്റ്റിന്റെ ലഭ്യതയും അനുസരിച്ചാണ് ഫിസിയോതെറാപ്പിക്കുള്ള സമയം നിശ്ചയിക്കുന്നത്. 45 മിനിട്ട് നീണ്ടു നിൽക്കുന്നതാണ് ഓരോ സെഷനും. വ്യക്തിയുടെ ശാരീരികനില പരിശോധിച്ച് വിലയിരുത്തിയശേഷം ചലന ക്ഷമത, പ്രവർത്തനശേഷി, ജീവിത നിലവാരം എന്നിവ മെച്ചപ്പെടുത്താനുതകുന്ന വ്യായാമങ്ങൾ നിർദ്ദേശിക്കുകയും, പരിശീലനം കൊടുക്കുകയും ചെയ്യുന്നു .പ്രായഭേദമെന്യേ ഏതു വ്യക്തിക്കും ഈ സേവനം ലഭ്യമാണ് .

## 6. സൈക്കോളോജി വിഭാഗം.

ഓട്ടിസം, പഠന പരിമിതി, ബൗദ്ധിക വെല്ലുവിളി, കേൾവി-സംസാര പരിമിതി , വിക്ക്, സെറിബ്രൽ പാൾസി തുടങ്ങി നിരവധി ഭിന്നശേഷികൾക്കു വേണ്ട മനശാസ്ത്ര പിന്തുണ കൗൺസിലിംഗ് എന്നിവ ഉറപ്പാക്കുന്നു. . വിഷാദരോഗം,വ്യക്തിത്വ പ്രശ്നങ്ങൾ, അപസ്മാരം അൽഷിമേഴ്സ്, തുടങ്ങി ശാരീരികവും, മാനസികവും, വൈകാരികവുമായ പ്രശ്നങ്ങൾ ഉള്ളവർക്ക് വേണ്ട മാനസിക ചികിത്സ, . ഭിന്നശേഷിക്കാർക്കും അല്ലാത്തവർക്കും വിവാഹത്തിന് മുൻപും, പിൻപും വേണ്ട കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് ഓൺലൈൻ മാനസികാരോഗ്യ സേവനങ്ങൾ എന്നിവയെല്ലാം സൈക്കോളജി വിഭാഗം ചെയ്തുവരുന്നു.

## 7. സോഷ്യൽ വർക്ക് വിഭാഗം

ഭിന്നശേഷിക്കാർക്ക് നിഷ്-ലെ സേവനങ്ങൾ പ്രാപ്യമാക്കാനും, ഗവൺമെൻറിൻറെ പദ്ധതികളെയും. ആനുകൂല്യങ്ങളെയും കുറിച്ച് അവരെ അവബോധരാക്കുവാനും ആനുകൂല്യങ്ങൾ അവരിലേക്കെത്തി എന്ന് ഉറപ്പാക്കാനും സുസജ്ജമായ സോഷ്യൽ വർക്ക് വിഭാഗം നിഷ്-ൽ ഉണ്ട്. പരാതികൾക്ക് പരിഹാരം കണ്ടെത്തുക ക്യാംപുകൾ സംഘടിപ്പിക്കുക, ഭിന്നശേഷിക്കാർക്ക് മാനസികവും, സാമൂഹികവുമായ പിന്തുണ ഉറപ്പാക്കുക, വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ് ലഭ്യമാക്കുക എന്നിവയെല്ലാം സോഷ്യൽ വർക്ക് വിഭാഗത്തിൻറെ ചുമതലയാണ്.

## 8. ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം

നിഷ്-ലെ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുകയും, കായിക വിനോദങ്ങളിൽ താല്പര്യം വളർത്തുകയും, വേണ്ട പരിശീലനം നൽകുകയുമാണ് ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം. ഇതിനായി ഫുട്ബോൾ, ബാസ്കറ്റ് ബോൾ കോർട്ടുകൾ, ഇൻഡോർ ഗെയിം സൗകര്യങ്ങൾ, ജിംനേഷ്യം എന്നിവയും ഒരുക്കിയിട്ടുണ്ട്.

.

## 9. ലൈബ്രറി

ഭിന്നശേഷി മേഖലയിലെ അധ്യാപനത്തിനും, പഠനത്തിനും, ഗവേഷണങ്ങൾക്കും പ്രയോജനപ്പെടുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പുസ്തകങ്ങളുടെയും വിപുലമായ ശേഖരം നിഷ് ലൈബ്രറിയിലുണ്ട്. ഡിജിറ്റൽ ലൈബ്രറി, രചനാചോരണങ്ങൾ പരിശോധിക്കാനുള്ള സംവിധാനങ്ങൾ, അംഗീകൃത അക്കാഡമിക് രചനാശൈലികളിൽ പരിശീലനം, ഗവേഷണ രീതിശാസ്ത്ര വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ ലഭ്യമാക്കൽ, കാഴ്ച പരിമിതർക്കായുള്ള അക്സസിബിൾ സംവിധാനങ്ങൾ എന്നിവ ഈ ലൈബ്രറിയുടെ എടുത്തുപറയത്തക്ക സവിശേഷതകൾ ആണ്.

## 10. ന്യൂ ഇനിഷ്യേറ്റീവ്സ് വിഭാഗം

നിഷ്-ന്റെ എല്ലാ മേഖലയിലുമുള്ള പുരോഗമനത്തിനു വേണ്ട ആശയങ്ങൾ വികസിപ്പിക്കുകയും, അത് ഫലപ്രാപ്തിയിലെത്തിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ആണ് ഈ വിഭാഗത്തിന്റെ ചുമതല നൂതന സംരംഭക വികസന സെൽ, നൈപുണ്യ വികസന പരിപാടികൾ എന്നിവ അവയിൽ ചിലതാണ്. കാംപസ് പ്ലേസ്മെന്റ്, ഇന്റേൺഷിപ്പ്, ട്രെയിനിംഗ് ആന്റ് ഇൻഡസ്ട്രിയൽ പ്ലേസ്മെന്റ്, പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള മാർഗ്ഗദർശനങ്ങൾ എന്നിവയും ന്യൂ ഇനിഷ്യേറ്റീവ് വിഭാഗം കൈകാര്യം ചെയ്യുന്നു. അസാപ്-നൈപുണ്യവികസന പരിപാടി (ASAP) നിഡാസ് -നിഷ് ഓൺലൈൻ ഡിസെബിലിറ്റി അവെയർമസ് സെമിനാർ(NIDAS), നിമിസ്- നിഷ് ഇന്നവേഷൻ മോഡൽ ഇൻസ്പൈറിംഗ് സ്റ്റോറീസ് എന്നിവ ന്യൂ ഇനിഷ്യേറ്റീവ്സ് വിഭാഗത്തിൻറെ സംരംഭങ്ങളാണ്.

## 11. വിവര സാങ്കേതിക വിദ്യ വിഭാഗം (IT)

അതിനൂതന സംവിധാനങ്ങളോടു കൂടിയ നിഷ്-ലെ ഐ.ടി. വിഭാഗം വിദ്യാഭ്യാസത്തിനു മാത്രമല്ല,

വ്യക്തവും കൃത്യവുമായ വിവരശേഖരണത്തിനും, മികവുറ്റ ഭരണനിർവ്വഹണത്തിനും ഏറെ സഹായകമാണ്. നിഷ് വെബ് സൈറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ മേൽനോട്ടവും IT വിഭാഗത്തിനുണ്ട്.

**12. അഡ്മിനിസ്ട്രേഷൻ ആൻഡ് ഫിനാൻസ് വിഭാഗം**

നിഷ്-ന്റെ സുഗമവും, സുതാര്യവുമായ പ്രവർത്തനങ്ങളുടെ പിന്നിലെ പ്രധാന ഘടകമാണ് അഡ്മിനിസ്ട്രേഷൻ ആൻഡ് ഫിനാൻസ് വിഭാഗം

## അക്കാഡമിക് സേവനങ്ങൾ

**A. കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ശ്രവണപരിമിതർക്കായുള്ള ബിരുദകോഴ്സുകൾ**

ശ്രവണപരിമിതിയുള്ളവർക്കായി കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദ കോഴ്സുകൾ നടത്തുന്നു.

**B. കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ (KUHS) അംഗീകാരമുള്ള ബിരുദ-ബിരുദാനന്തര കോഴ്സുകൾ:**

ഭിന്നശേഷി മേഖലയിൽ മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളാ ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നിഷ് നടത്തിവരുന്നു.

I. ബാച്ച്ലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വിജ് പത്തോളജി (BASLP)

II. ബാച്ചിലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി (BoT)

III. MSc ഓഡിയോളോജി

IV. MSc. സ്പീച്ച് ലാംഗ്വിജ് പത്തോളജി

**C. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) അംഗീകാരമുള്ള ഡിപ്ലോമ കോഴ്സുകൾ:**

I. ഡിപ്ലോമ ഇൻ ഏർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയർമെന്റ്) DECSE(HI)

II. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ് ഇന്റർപ്രെറ്റേഷൻ (DISLI)

**D. പൊതുജനങ്ങൾക്കായുള്ള കോഴ്സുകൾ**

I. ഇന്ത്യൻ സൈൻ ലാംഗ്വിജ് കോഴ്സ് ഫോർ ദ പബ്ളിക് ശ്രവണ പരിമിതിയുള്ളവരുടെ ബന്ധുക്കൾക്കും, അധ്യാപകർക്കും സഹപ്രവർത്തകർക്കും മുൻഗണന

II. മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ്

## വിവിധ സെൻററുകൾ

1. സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ (CATI)
2. റിസെർച്ച് ആൻഡ് പ്രോജക്റ്റ് കൺസൾട്ടൻസി സെന്റർ (RPCC)

3. സെന്റർ ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് മീഡിയ ഡെവലപ്മെന്റ് **(CCMD)**

**<u>ഔട്ട്റീച്ച് പ്രോഗ്രാമുകൾ</u>**

- പേരന്റ് അവയർനസ് പ്രോഗ്രാം
- ക്യാമ്പുകൾ
- ആംഗ്യഭാഷാ പരിഭാഷകരുടെ സേവനം
- വോളന്റയറിങ്ങിനും ഇന്റേൺഷിപ്പിനും അവസരം
- അഡിപ് **(ADIP)** സ്കീം

★ **<u>NISH ഓൺലൈൻ ഇന്ററാക്ടീവ് ഡിസബിലിറ്റി അവബോധ ബോധവൽക്കരണ സെമിനാർ (NIDAS):</u>** മാതാപിതാക്കളെയും വൈകല്യബാധിതരെ പരിചരിക്കുന്നവരെയും സഹായിക്കുന്നതിനു വേണ്ടി NIDAS 2015 ൽ ആരംഭിച്ചു. അവബോധം, സെൻസിറ്റൈസേഷൻ, പ്രസിദ്ധീകരണം എന്നിവയാണ് NIDAS കേന്ദ്രീകരിച്ച മേഖലകൾ. ഇതുവരെ നടത്തിയ 58 വെബിനാർ. 2 അക്കാദമിക് പുസ്തകങ്ങളും 7 ഹാൻഡ്ബുക്കുകളും 2 ഇ-ഹാൻഡ്ബുക്കുകളും പ്രസിദ്ധീകരിച്ചു. Nidas.nish.ac.in എന്ന സൈറ്റും ആപ്പും വീഡിയോകളുടെ ആർക്കൈവുകൾ നൽകുന്നു. വൊക്കേഷണൽ പേപ്പറുകൾ, അക്കാദമിക് പുസ്തകം 3 കൈപ്പുസ്തകങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്നു.

★ ഇന്നൊവേഷൻ ആൻഡ് എന്റർപ്രെന്യൂർഷിപ്പ് സെന്റർ: NISH- ലെ കോളേജ് തലത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും NISH-IEDC, സംഭാഷണങ്ങളും പരിശീലനവും മറ്റും ക്രമീകരിക്കുന്നു. ഐഇടിയിലെ സർട്ടിഫിക്കറ്റ് കോഴ്സുകളും ക്രമീകരിച്ചിട്ടുണ്ട്.

★ ടെലി റീഹാബിലിറ്റേഷൻ യൂണിറ്റ്: അംഗവൈകല്യമുള്ള ക്ലയന്റുകൾക്കുള്ള വിലയിരുത്തലുകൾ, മാനേജ്മെന്റ്, കൗൺസിലിംഗ് എന്നിവ ഉൾപ്പെടുത്തി 2019 ഡിസംബർ മുതൽ നടത്തിവരുന്നു.

★ കോമ്പ്രിഹെൻസീവ് ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലേ ക്ലിനിക്: 7 വയസ്സിന് താഴെ വരുന്ന വികസന കാലതാമസം ബൗദ്ധിക വൈകല്യങ്ങൾ, സിൻഡ്രോം സംബന്ധമായ അവസ്ഥകൾ, എന്നിവയുള്ള കുട്ടികളുടെ വിലയിരുത്തലും പുനരധിവാസവും ഉൾപ്പെടുന്നു. പ്രധാന പുനരധിവാസ സേവനങ്ങളിൽ CCLAS പ്രോഗ്രാം (കോഗ്നിറ്റീവ് കമ്മ്യൂണിക്കേറ്റീവ് ലിറ്ററസി, അഡാപ്റ്റീവ് ആൻഡ് സെൻസോറിമോട്ടോർ), ഓറൽ പ്ലേസ്മെന്റ് തെറാപ്പി (OPT) PROPT, സാക്ഷരത മ്യൂസിക് പ്രോഗ്രാം (LITMUS) എന്നിവ ഉൾപ്പെടുന്നു. ഗ്രൂപ്പ് ഇടപെടലുകൾക്കൊപ്പം വ്യക്തിഗത ഇടപെടൽ പരിപാടികളും ഉണ്ട്.

★ ശ്രുതിതരംഗം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്: കാതോരം പദ്ധതിയുടെ കീഴിലുള്ള സംസ്ഥാന സർക്കാരിന്റെ അഭിമാനകരമായ ശ്രുതിതരംഗം പദ്ധതിയുടെ ഗുണഭോക്താക്കളുടെ സോഷ്യൽ ഓഡിറ്റ് നിഷ് എടുക്കുന്നു.

★ കേരള വികസനവും ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും **(K-DISC)** പിന്തുണയ്ക്കുന്ന യൂത്ത് വിത്ത് ഡിസെബിലിറ്റീസ് **(I-YwD)** പ്രോഗ്രാം: 2019 ൽ ആരംഭിച്ച പദ്ധതിയുടെ ദീർഘകാല ലക്ഷ്യം വികലാംഗരായ യുവാക്കൾക്കായി ഒരു ചലനാത്മക ആവാസവ്യവസ്ഥ വികസിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക, പുതുമയുള്ളവർ/സംരംഭകർ/ഗവേഷകർ

എന്നിവരാകാനുള്ള വൈകല്യമുള്ള യുവാക്കളെ തിരിച്ചറിയുക, പ്രവേശനക്ഷമത സവിശേഷതകളോടെ പരിശീലനം, മാർഗ്ഗനിർദ്ദേശം, നൈപുണ്യ വികസനം എന്നിവ വാഗ്ദാനം ചെയ്യുക എന്നതാണ്.

★ പരിമിതികളുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായി ഘടനാപരവും സമയബന്ധിതവുമായ ശാക്തീകരണ പരിപാടി - **STEPP:** ഒരു കുട്ടി വൈകല്യമുള്ളതായി തിരിച്ചറിയപ്പെടുമ്പോൾ വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ ധാരണയിൽ പോസിറ്റീവ് പരിവർത്തനങ്ങൾ കൈവരിക്കുന്നതിനുള്ള സമയോചിതമായ പിന്തുണ നൽകുകയും അവരുടെ മികച്ച റിസോഴ്സ് പേഴ്സൺ ആകാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

★ ബധിര കോളേജ്: ശ്രവണവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് തുല്യ വിദ്യാഭ്യാസ അവസരങ്ങൾ നൽകുകയും ഉയർന്ന വിദ്യാഭ്യാസത്തിലൂടെ തൊഴിൽ സാധ്യതയും മെച്ചപ്പെട്ട ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുക. വിർച്ച്വൽ ഡെസ്ക്ടോപ്പ് ഇൻഫ്രാസ്ട്രക്ചർ (വിഡിഐ), ഹൈ എൻഡ് പിസികൾ തുടങ്ങിയ വിപുലീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ നവീകരിച്ചുകൊണ്ടാണ് ഈ ലക്ഷ്യം കൈവരിച്ചത്. സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയം, ഗവൺമെന്റ് ധനസഹായം നൽകുന്ന, വികലാംഗരുടെ അവകാശങ്ങൾ നിയമം, 2016 (SIPDA) പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ കീഴിലാണ് ഈ പദ്ധതി നിഷിൽ നടപ്പിലാക്കിയത്.

★ ബാരിയർ ഫ്രീ കാമ്പസ്: റാമ്പുകൾ, ലിഫ്റ്റുകൾ, സ്പർശിക്കുന്ന അടയാളങ്ങൾ, പാതകൾ, എല്ലാവർക്കും ആക്സസ് ചെയ്യാവുന്ന ടോയ്‌ലറ്റുകൾ എന്നിവ ഉൾപ്പെടെ ആക്സസ് ചെയ്യാവുന്ന കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകിക്കൊണ്ട് ക്യാമ്പസിന്റെ പ്രവേശനക്ഷമത വർദ്ധിപ്പിക്കുന്ന ഒരു പദ്ധതിയാണിത്.. സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയം, GOI ധനസഹായം നൽകുന്ന വികലാംഗരുടെ അവകാശങ്ങൾ നിയമം, 2016 (SIPDA) പദ്ധതി പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത്.

NISH -ഭിന്നശേഷിക്കാരുടെ പുരോഗതിക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു

| Sl. No. | Year | Budget Allocation | Expenditure |
|---|---|---|---|
| 1 | 2018-19 | 12.10 Crore | 7.36 Crore |
| 2 | 2019-20 | 13.32 Crore | 7.793 Crore |
| 3 | 2020-21 | 17.00 Crore | 12.0835 Crore |
| 4 | 2021-22 | 17.00 Crore | 10.6561 Crore |
| 5 | 2022-23 | 18.93 Crore | 7.33483 Crore upto 31.01.2023) |

Jasmin Thomas

അനുബന്ധം V

**ഭിന്നശേഷിക്കാർക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

**അനുബന്ധം**

NIPMR –ൽ ഭിന്നശേഷിക്കാർക്കായി മെച്ചപ്പെട്ട പുനരധിവാസ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ബീഹേവിയറൽ തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി, ഡയറ്റിക്സ് സേവനങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റെലെക്ച്വൽ ഡിസെബിലിറ്റി ബാധിതരായ കുട്ടികൾക്കുള്ള പ്രത്യേക വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ സ്കൂളുകൾ, ഓഡിയോ ആന്റ് സ്പീച്ച് സയൻസ് ലാബുകൾ, IQ ടെസ്റ്റ്, ഫിസിയാട്രിസ്റ്റ്, ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യൻ എന്നിവരുടെ സേവനം, 8 കിടക്കകളോട് കൂടിയ സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ യൂണിറ്റ്, ഓഡിറ്ററി വെർബൽ തെറാപ്പി എന്നീ സേവനങ്ങൾ നൽകി വരുന്നു. ഇത് കൂടാതെ താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

**സ്പെഷ്യൽ ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരേന്റ്സ് (STEPS):** ഭിന്നശേഷിക്കാരായ കുട്ടികളെ ശരിയായി പരിപാലിക്കുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാക്കുന്ന പദ്ധതിയാണ്. നേരത്തെയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ കുട്ടികളുടെ പ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയാനും അത് വഴി എത്രയും വേഗം അനുയോജ്യമായ ചികിത്സ നടത്താനും കഴിയുന്നു.

**എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc)** : ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) പദ്ധതിയും നടപ്പിലാക്കി വരുന്നു. തെറാപ്പികൾ നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.

**സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ സെന്റർ** : നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായവർക്കായി 8 കിടക്കകളോട് കൂടിയ IP ചികിത്സാ സൗകര്യം ഒരുക്കി ഈ വിഭാഗത്തിനാവശ്യമായ ശസ്ത്രക്രിയകൾക്ക് ശേഷമുള്ള പുനരധിവാസ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു.

● **സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (CPRRC):** സെറിബ്രൽ പാൾസി ഓട്ടിസം ബാധിതരായ കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, തെറാപ്പികൾ എന്നിവയുൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

**റീജ്യണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC)** : ഓട്ടിസം ബാധിതരായ കുട്ടികളുടെ പഠനം ഉൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

**ഇന്റലെക്ച്വൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റീസ് (IDD) സ്പെഷ്യൽ സ്കൂൾ** : ഇന്റലെക്ച്വൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റീസുള്ള കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ സ്കൂൾ NIPMR – ൽ പ്രവർത്തിക്കുന്നു.

**ചൈൽഡ് ഡെവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വളർച്ചാ വിളംബം നേരത്തേ കണ്ടെത്താനും ആവശ്യമായ തെറാപ്പികളിലൂടെ അവരെ സ്വയം പര്യാപ്തരാക്കാനും ഉതകുന്ന തരത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

**ഗെയ്റ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ്:** ഒരു കുട്ടിയുടെ അല്ലെങ്കിൽ മുതിർന്ന വ്യക്തിയുടെ നടത്തം/ ഗെയ്റ്റിന്റെ 3-ഡി ഇമേജ് പകർത്താൻ അത്യാധുനിക കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. സെറിബ്രൽ പാൾസി, മറ്റ് മോട്ടോർ വൈകല്യമുള്ള കുട്ടികൾ, നട്ടെല്ല് അല്ലെങ്കിൽ മസ്തിഷ്ക ക്ഷതം എന്നിവയി ൽ നിന്ന് കരകയറുന്ന മുതിർന്നവരി ൽ ഗെയ്റ്റ് ഒരു ചികിത്സാ ഉപാധിയായി ഉപയോഗിക്കുന്നു. ശരീരത്തിൽ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രോഡുകളും പ്രതിഫലന മാർക്കറുകളും പേശികളുടെ പ്രവർത്തനവും ശരീര ഭാഗങ്ങളുടെ ട്രാക്ക് ചലനവും അളക്കുന്നു. കാൽ പാദങ്ങൾ സൃഷ്ടിക്കുന്ന സമ്മർദ്ദവും ഊർജ്ജത്തിൻറെ ഉപയോഗവും അളക്കുന്നു. ശാരീരിക പരിശോധനയ്ക്കൊപ്പം ഈ ഡാറ്റയ്ക്ക് കുട്ടിയുടെ നടത്തം, ചുവട്, ഓട്ടം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക മാർഗ്ഗങ്ങൾ തിരിച്ചറിയാൻ ടീമിനെ സഹായിക്കാനാകും.

**മോട്ടോർ വെർച്ച്വൽ റിയാലിറ്റി ബേസ്ഡ് യൂണിറ്റ് (MVRU):** പ്രധാനമായും ഇന്ദ്രിയ സംയോജന പ്രശനങ്ങളുള്ള കുട്ടികളെയും മുതിർന്നവരെയും പുനരധിവസിപ്പിക്കുന്നതിനായി NIPMR –ൽ ഇന്ത്യയിലെ ആദ്യത്തെ വെർചൽ റിയാലിറ്റി ചേമ്പർ ആരംഭിച്ചു. 64 ലക്ഷം രൂപ ചിലവിൽ സജ്ജീകരിച്ചിരിക്കുന്ന ഈ യൂണിറ്റ് ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട ഇന്ദ്രിയ സംയോജന പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രയോജനപ്പെടുത്തിവരുന്നു.

**ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ്:** ന്യൂറോ ഫിസിയോതെറാപ്പിയിൽ ശരീരത്തിന്റെ നാഡീ, ന്യൂറോ മസ്കുലാർ സിസ്റ്റത്തിനുള്ളിലെ പ്രശ്നങ്ങളിൽ നിന്ന് തുടങ്ങി ചലനവും പ്രവർത്തന വൈകല്യവുമുള്ള ആളുകളുടെ ചികിത്സ ഉൾപ്പെടുന്നു. NIPMR-ലെ ഈ യൂണിറ്റ് സംസ്ഥാനത്തെ ആദ്യത്തെ സമഗ്ര ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റാണ്. 103 ലക്ഷം രൂപ ചിലവഴിച്ചാണ് NIPMR – ൽ ആധുനിക സൗകര്യങ്ങളോടെയുള്ള ന്യൂറോ ഫിസിയോ തെറാപ്പി യൂണിറ്റ് സജ്ജീകരിച്ചിട്ടുള്ളത്.

**വീൽ ട്രാൻസ് പ്രോജക്ക് (MLA -SDF):** MLA -SDF –ൽ നിന്ന് NIPMR ൻറെ സേവനം ആവശ്യമായ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ ഭിന്നശേഷി സൗഹൃദമാക്കി ഒരു വാഹനം (ആമ്പുലൻസ്) പരിഷ്ക്കരിക്കുന്നു. പരസഹായം കൂടാതെ കഠിനമായ സ്പാസ്റ്റിക് ക്വാഡ്രിപ്ലെജിയയും മറ്റ് വൈകല്യങ്ങളും ഉള്ള കുട്ടികൾക്കും സുഷുമ്നാ നാഡി, മസ്തിഷ്ക ക്ഷതം എന്നിവയുള്ള കുട്ടികൾക്കും ഇത് ഉപയോഗിക്കാൻ കഴിയും. 24.02 ലക്ഷം രൂപ ചിലവഴിച്ച് ഭിന്നശേഷി സൗഹൃദമാക്കി സജ്ജീകരിച്ചിരിക്കുന്ന ഈ വാഹനം ഭിന്നശേഷിക്കാരുടെ യാത്രാ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു.

**പോട്ടറി & സിറാമിക്സ് യൂണിറ്റ് :** NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു പോട്ടറി & സിറാമിക്സ് യൂണിറ്റ് തൊഴിൽ/ വൊക്കേഷണൽ ട്രെയിനിംഗിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിയാക്കി 17.4 ലക്ഷം രൂപയാണ് ചിലവഴിച്ചിരിക്കുന്നത്.

**റിഹാബ് എക്സ്പ്രസ്:** KSSM - NIPMR - KSRTC എന്നിവയുടെ സംയുക്ത പദ്ധതി. ഒരു ലോ ഫ്ലോർ AC ബസ് പരിഷ്ക്കരിച്ച് റിഹാബിലിറ്റേഷൻ പ്രൊഫഷണലുകൾ അടങ്ങുന്ന ഒരു ടീം, വിവിധ തെറാപ്പികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, എന്നിവയടങ്ങുന്ന സംവിധാനമാണ് റിഹാബ് എക്സ്പ്രസ്. ഈ സംവിധാനമുപയോഗിച്ച് കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പുനരധിവാസ ചികിത്സയും സഹായ ഉപകരണങ്ങളുടെ അളവ് എടുക്കൽ, ഭിന്നശേഷിക്കാർക്കുള്ള പരിശീലനം എന്നിവ നൽകാൻ കഴിയും. 96.07 ലക്ഷം രൂപ ചിലവഴിച്ചാണ് ഈ സേവനം ഭിന്നശേഷിക്കാർക്കായി സജ്ജീകരിച്ചിട്ടുള്ളത്.

**ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനായി മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ സ്ഥാപിക്കൽ:** ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും മാനസികവും ശാരീരികവും സാമൂഹികവുമായ ഇടപെടലുകൾ വളർത്താനും കല പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കി ഒരു മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ സ്ഥാപിക്കുന്നതിനായി സർക്കാർ 11.50 ലക്ഷം രൂപ വകയിരുത്തുകയും ഈ തുക പ്രയോജനപ്പെടുത്തി ഒരു മ്യൂസിക്ക് ആന്റ് ഡാൻസ് തിയറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**എർഗോ ലാബ് :** ഭിന്നശേഷിക്കാർക്ക് ആവശ്യമായ വസ്തുകൾ കസ്റ്റം മെയ്ഡ് ആയി നിർമ്മിക്കുന്ന

സംവിധാനമാണ് എർഗോ ലാബ്. NIPMR – ൽ എർഗോ ലാബ് സ്ഥാപിക്കുന്നതിനായി സർക്കാർ 3.70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക പ്രയോജനപ്പെടുത്തി എർഗോ ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

**സാറ്റലൈറ്റ് സെന്റർ അങ്കമാലി:** NIPMR ന്റെ പ്രവർത്തനങ്ങൾ ഇതര ജില്ലകൾക്ക് കൂടി ലഭ്യമാക്കുന്നതിന്റെ ഭാഗമായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ആഴ്ചയിൽ ഒരിക്കൽ ഫിസിയോ, സ്പീച്ച്, ഒക്യുപ്പേഷണൽ, ബിഹേവിയറൽ തെറാപ്പികൾ നൽകുന്നു.

**ദന്ത പരിചരണ വിഭാഗം :** NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് പല തരത്തിലുള്ള ദന്ത രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും ഉണ്ടെന്നും ഇത് പലതരത്തിലുള്ള ബിഹേവിയറൽ പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നും ഡെൻറൽ ഹൈജീനിന്റെ ഭാഗമായി ഒരു ഡെൻറിസ്റ്റിന്റെ സേവനം അത്യാവശ്യമാണ്. ഇത്തരം കുട്ടികൾക്ക് ആവശ്യമായ ദന്ത പരിചരണം മറ്റ് ഡെന്റൽ കെയർ സെന്ററുകളിൽ ലഭ്യമല്ല ഈ കുറവ് പരിഹരിക്കുന്നതിന് കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരു ഡെൻറിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നത് ഉചിതമായിരിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ NIPMR ന്റെ അഭ്യുദയകാംഷിയായ ശ്രീ. ആനന്ദ് ജോർജ്ജ് സംഭാവനയായി നൽകിയ 4 ലക്ഷം രൂപ പ്രയോജനപ്പെടുത്തി NIPMR-ൽ ഒരു ഡെൻറൽ യൂണിറ്റ് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ സ്വാശ്രയ മാതൃകയിൽ ഈ യൂണിറ്റ് പ്രവർത്തിക്കുന്നു.

NIPMR- ഭിന്നശേഷിക്കാരുടെ പുരോഗതിയ്ക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും

| Sl. No | Year | Budget Allocation | Expenditure |
|---|---|---|---|
| 1. | 2018-19 | 3 Crore | 3 Crore |
| 2. | 2019-20 | 5 Crore | 5 Crore |
| 3. | 2020-21 | 6 Crore | 5.47 Crore |
| 4. | 2021-22 | 8 Crore | 5.54 Crore |
| 5. | 2022-23 | 10 Crore | 3.82 Crore (till date) |

Jasmin Thomas